2025
DECEMBER
17
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## റഫാൽ യുദ്ധവിമാനം റഡാർ സംവിധാനം
# എസ്.എഫ്.ഒ ടെക്നോളജീസും താലെസും കൈകോർക്കുന്നു




**കൊച്ചി:** റഫാൽ യുദ്ധ വിമാനങ്ങളിലെ അത്യാധുനിക റഡാർ സംവിധാനങ്ങൾക്ക് ആവശ്യമായ അതിനൂതന വയേർഡ് സ്ട്രക്ചറുകൾ തദ്ദേശീയമായി നിർമിക്കാൻ കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന എസ്എഫ്ഒ ടെക്നോളജീസും ഫ്രഞ്ച് എയ്റോസ്പേസ്, പ്രതിരോധ സ്ഥാപനമായ താലെസും ധാരണയായി. സഹകരണത്തിന്റെ ഭാഗമായി, റഫാൽ യുദ്ധവിമാനത്തിൽ ഉപയോഗിക്കുന്ന 'ആർ.ബി.ഇ.2' റഡാറിന്റെ ഉയർന്ന മൂല്യമുള്ള സങ്കീർണ്ണ വയർ ഘടനകൾ നിർമ്മിക്കാനുള്ള കരാർ എസ്എഫ്ഒ ടെക്നോളജീസിന് നൽകി. 'മേക് ഇൻ ഇന്ത്യ' പദ്ധതിയുടെ ഭാഗമായി, നൂതന പ്രതിരോധ സാങ്കേതികവിദ്യകളുടെ പ്രാദേശികവൽക്കരണമാണ് പരസ്പര സഹകരണത്തിലൂടെ ലക്ഷ്യമിടുന്നത്.

റഫാൽ പദ്ധതിക്കായി തദ്ദേശീയമായി നൽകുന്ന ആദ്യത്തെ പ്രധാന കരാറാണ് എസ് എഫ് ഒ ടെക്നോളജീസുമായി നടപ്പാക്കുന്നതെന്ന് താലെസ് അറിയിച്ചു. മേക് ഇൻ ഇന്ത്യ പദ്ധതിയോടുള്ള ശക്തമായ പ്രതിബദ്ധതയാണ് പരസ്പര സഹകരണത്തിലൂടെ പ്രതിഫലിക്കുന്നതെന്ന് താലെസ് കമ്പനിയുടെ ഓപ്പറേഷൻസ് ആൻഡ് പെർഫോമെൻസ് വിഭാഗം സീനിയർ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഫിലിപ്പ് നൊചെ പറഞ്ഞു. ഇന്ത്യയുടെ തദ്ദേശീയ പ്രതിരോധ നിർമ്മാണ ശേഷി വർദ്ധിപ്പിക്കുന്നതിനും എസ്.എഫ്.ഒ ടെക്നോളജീസുമായുള്ള ദീർഘകാല പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും സഹായകരമാണ് പുതിയ കരാർ. ഒരുമിച്ചു നടത്തുന്ന എല്ലാ പ്രോജക്റ്റുകളിലും എസ് എഫ് ഒ ടെക്നോളജീസ് നവീകരണവും വിശ്വാസ്യതയും പ്രകടിപ്പിച്ചിട്ടുണ്ട്. പ്രതിരോധ മേഖലയിലെ ഉൽപന്നങ്ങളുടെ ഗുണമേന്മയിലും പ്രവർത്തന വൈദഗ്ധ്യത്തിലും പിന്തുണ നൽകി രാജ്യത്തെ സ്വയം പര്യാപ്തതയിലെത്തിക്കുകയാണ് സഹകരണത്തിലൂടെ ലക്ഷ്യമിടുന്നതെന്നും ഫിലിപ്പ് നൊചെ അഭിപ്രായപ്പെട്ടു. റാഫേൽ ഉപകരണങ്ങളുടെ ഉൽപ്പാദനത്തിൽ സജീവമായി പങ്കുചേരുന്നതിലൂടെ ഇന്ത്യൻ ഇക്കോസിസ്റ്റത്തിൽ പ്രാദേശിക ഉൽപാദനക്ഷമത ഉറപ്പാക്കുകയാണ് ചെയ്യുന്നതെന്ന് എസ്.എഫ്.ഒ ടെക്നോളജീസ് ചെയർമാനും എം.ഡി.യുമായ എൻ. ജഹാൻഗീർ പറഞ്ഞു.

ഇന്ത്യൻ നാവികസേനയ്ക്കായി 26 റഫേൽ വിമാനങ്ങൾ ഓർഡർ ചെയ്തതിനെ തുടർന്നാണ് ഈ സഹകരണം. വ്യോമയാന, പ്രതിരോധ മേഖലകളിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ കമ്പനികളുമായി കൂടുതൽ സഹകരണം നടത്തുന്നതിന് പ്രാദേശികവൽക്കരണ രൂപരേഖ തയ്യാറാക്കുകയാണെന്നും താലെസ് കമ്പനി വ്യക്തമാക്കി. കൃത്യതയാർന്ന യന്ത്രവൽക്കരണം, അസംബ്ലിങ്/വയറിങ്, ഇലക്ട്രോണിക്സ്, മൈക്രോ ഇലക്ട്രോണിക്സ്, സങ്കീർണ്ണമായ സിസ്റ്റം ഇന്റഗ്രേഷൻ എന്നിവയ്ക്ക് പിന്തുണ നൽകുന്നതാണ് സഹകരണം.

## സിയാലിന് ദേശീയ ഊർജ്ജ സംരക്ഷണ അംഗീകാരം



**കൊച്ചി:** കൊച്ചി അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡിന്റെ പാസഞ്ചർ, കാർഗോ ടെർമിനൽ കെട്ടിടങ്ങൾക്ക് ഐ.ജി.ബി.സി (ഇന്ത്യൻ ഗ്രീൻ ബിൽഡിംഗ് കൗൺസിൽ) നെറ്റ് സീറോ എനർജി (ഓപ്പറേഷൻസ് പ്രീസർട്ടിഫൈഡ്) റേറ്റിംഗ് ലഭിച്ചു. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സി.ഐ.ഐ) ഇന്ത്യൻ ഗ്രീൻ ബിൽഡിംഗ് കൗൺസിലുമായി (ഐ.ജി.ബി.സി) സഹകരിച്ച് സംഘടിപ്പിച്ച 23ാമത് ഗ്രീൻ ബിൽഡിംഗ് കോൺഗ്രസിലാണ് സിയാലിന് ഈ അംഗീകാരം ലഭിച്ചത്. മുംബൈയിലെ ജിയോ വേൾഡ് കൺവെൻഷൻ സെന്ററിലാണ് പരിപാടി നടന്നത്. പരിസ്ഥിതിസൗഹൃദ വിമാനത്താവള കെട്ടിടങ്ങളും സൗകര്യങ്ങളും നിർമിക്കുന്നതിലും പ്രവർത്തിപ്പിക്കുന്നതിലും സിയാലിന്റെ മികവിനുള്ള അംഗീകാരമാണ് ഈ അവാർഡ്.

കെട്ടിടങ്ങളുടെ ഊർജോപയോഗം കാര്യക്ഷമമാക്കാൻ നടപ്പിലാക്കുന്ന ആശയങ്ങൾക്ക് ലഭിക്കുന്ന ഇന്ത്യയിലെ ഏറ്റവും മികച്ച അംഗീകാരങ്ങളിലൊന്നാണ് ഐ.ജി.ബി.സി നെറ്റ് സീറോ എനർജി (ഓപ്പറേഷൻസ് പ്രീസർട്ടിഫൈഡ്) റേറ്റിംഗ്. യാത്രക്കാർക്ക് നൽകി വരുന്ന സൗകര്യങ്ങളിലും വിമാനത്താവള പ്രവർത്തനങ്ങളിലും സുസ്ഥിരത ഉറപ്പാക്കിക്കൊണ്ട്, ഊർജ്ജ ഉപയോഗം, എയർ കണ്ടീഷനിംഗ്, സ്മാർട്ട് ലൈറ്റിംഗ്, കാര്യക്ഷമമായ ഉപകരണങ്ങളുടെ പ്രവർത്തനം എന്നീ സൗകര്യങ്ങൾ സർട്ടിഫിക്കേഷൻ സംഘം വിലയിരുത്തി. ലോകത്തിലെ തന്നെ ആദ്യത്തെ ഗ്രീൻ ഹൈഡ്രജൻ ഉൽപ്പാദക വിമാനത്താവളമായി മാറാനും കൊച്ചി വിമാനത്താവളം സജ്ജമാകുന്നു. ഗ്രീൻ തിങ്ക് സർട്ടിഫിക്കേഷൻ സർവീസസിലെ (ജി.ടി.സി.എസ്) ഗ്രീൻ സർട്ടിഫിക്കേഷൻ കൺസൾട്ടന്റ്മാരായ ദീപ ഗണേഷ്, ശ്രീഗണേഷ് വി. നായർ എന്നിവരുടെ സാന്നിധ്യത്തിൽ സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ്, എയർപോർട്ട് ഡയറക്ടർ മനു ജി. എന്നിവർ അവാർഡ് സ്വീകരിച്ചു.

# നാവിക സേനയുടെ ആഴക്കടൽ ദൗത്യം: എ 20 കമ്മീഷൻ ചെയ്തു

**കൊച്ചി:** ഇന്ത്യൻ നാവിക സേനയുടെ ആഴക്കടൽ ദൗത്യങ്ങൾക്കുള്ള ഡൈവിംഗ് സപ്പോർട്ട് കപ്പൽ (ഡിഎസ് സി) എ20 കൊച്ചിയിലെ നാവിക ആസ്ഥാനത്ത് നടന്ന ചടങ്ങിൽ നാവിക സേനയുടെ ഭാഗമായി. ഈ വർഷത്തിൽ കമ്മീഷൻ ചെയ്യപ്പെടുന്ന പതിനൊന്നാമത്തെ കപ്പലാണ് ഡിഎസ് സി എ20. കമ്മീഷനിംഗ് ചടങ്ങിന് ദക്ഷിണ നാവിക കമാൻഡിന്റെ ഫ്ളാഗ് ഓഫീസർ കമാൻഡിംഗ് ഇൻ ചീഫ് വൈസ് അഡ്മിറൽ സമീർ സക്സേന അധ്യക്ഷത വഹിച്ചു. ഡിഎസ് സി എ20 കമാൻഡിംഗ് ഓഫീസർ ലെഫ്റ്റനന്റ് കമാൻഡർ ഹേമന്ത് സിംഗ് ചൗഹാൻ കമ്മീഷനിംഗ് വാറന്റ് വായിച്ചു. തുടർന്ന് ദേശീയഗാനത്തിന്റെ ആലാപനത്തോടൊപ്പം നാവിക സേന അംഗങ്ങൾ കപ്പലിൽ നാവിക സേനയുടെ പതാക ഉയർത്തി, കപ്പലിലെ സേനാംഗങ്ങൾ കളർ ഗാർഡ് അവതരിപ്പിച്ച് സല്യൂട്ട് നൽകി. കപ്പൽ സജീവ നാവികസേവനത്തിലേക്ക് പ്രവേശിച്ചതിന്റെ ഔദ്യോഗിക അടയാളമായി കമ്മീഷനിംഗ് പെനന്റും ഉയർത്തി തുടർന്ന് വൈസ് അഡ്മിറൽ സമീർ സക്സേന കമ്മീഷനിംഗ് ഫലകം അനാവരണം ചെയ്തു.

ഡിഎസ് സി എ 20 ഇന്ത്യൻ നാവികസേനയുടെ ആഴക്കടൽ മേഖലയിലെ സമുദ്ര ശേഷികളെ ശക്തിപ്പെടുത്തുന്ന നിർണായക വേദിയാണെന്നും, സ്വദേശീയ രൂപകൽപ്പന, നിർമ്മാണം, സിസ്റ്റം ഇന്റഗ്രേഷൻ എന്നിവയിലൂടെ 'ആത്മനിർഭർ ഭാരത്' ദർശനത്തിന്റെ മികച്ച ഉദാഹരണമാണെന്നും വൈസ് അഡ്മിറൽ സമീർ സക്സേന വ്യക്തമാക്കി.ഇന്ത്യയുടെ സൗഹൃദ രാജ്യങ്ങൾക്ക് ഡൈവിംഗ് വിദഗ്ധ സേവനങ്ങൾ, ജലാന്തർഗത പരിപാലന സഹായം, രക്ഷാപ്രവർത്തന പിന്തുണ എന്നിവ നൽകി ഇന്ത്യ എന്നും മുന്നിലുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി. ആധുനിക കാറ്റാമരാൻഹൾ ഡിസൈനിലുള്ള ഡിഎസ്സി എ20 , വികസിത ഡൈവിംഗ് സംവിധാനങ്ങളും അത്യാധുനിക ആഴക്കടൽ വീഡിയോ നിരീക്ഷണ, റെക്കോർഡിംഗ്, ട്രാക്കിംഗ് സൗകര്യങ്ങളും ഉൾക്കൊള്ളുന്നതാണ്. സുരക്ഷിതവും ദീർഘകാലവുമായ ഡൈവിംഗ് പ്രവർത്തനങ്ങൾക്ക് സഹായകമായ രണ്ട് പേർക്ക് ഉപയോഗിക്കാവുന്ന റീകമ്പ്രഷൻ ചേംബർ കപ്പലിൽ സജ്ജീകരിച്ചിട്ടുണ്ട്.



മെച്ചപ്പെട്ട എൻഡ്യൂറൻസ്, മാനുവറബിലിറ്റി, ആധുനിക ഡൈവിംഗ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയോടെ ഡിഎസ് സി എ 20 ഇന്ത്യൻ നാവികസേനയുടെ ആഴക്കടൽ തയ്യാറെടുപ്പുകൾ വർധിപ്പിക്കുകയും സമുദ്ര സുരക്ഷാ ഘടനയിൽ പ്രധാന ഫോഴ്സ് മൾട്ടിപ്ലയറായി പ്രവർത്തിക്കുകയും ചെയ്യും. മുതിർന്ന നാവിക ഉദ്യോഗസ്ഥർ, നാവികസേനയിലെ മുൻസേനാംഗങ്ങൾ, കൽക്കത്ത ആസ്ഥാനമായ ടിറ്റാഗഢ് റെയിൽ സിസ്റ്റംസ് ലിമിറ്റഡിന്റെ പ്രതിനിധികൾ, സിവിലിയൻ വിശിഷ്ടാതിഥികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ഡിഎസ് സി എ20 ഔദ്യോഗികമായി സജീവ സേവനത്തിലേക്ക് പ്രവേശിച്ചതോടെ നാവികസേനയുടെ ആഴക്കടൽ പ്രവർത്തനങ്ങൾ, രക്ഷാപ്രവർത്തനം, ക്ലിയറൻസ് ശേഷികൾ എന്നിവയ്ക്ക് കൂടുതൽ കരുത്താകും.



സൊസൈറ്റി ടുഡേ
SOCIETY TODAY

# എറണാകുളം കരയോഗം ശതാബ്ദി ആഘോഷം 19 ന്

**കൊച്ചി:** സേവനം ജീവിതസാഫല്യം എന്ന ആപ്തവാക്യം ഉയർത്തിപ്പിടിച്ച് നഗരത്തിലെ സാമൂഹ്യ, സാംസ്കാരിക, ജീവകാരുണ്യ മേഖലകളിൽ നൂറ് വർഷം പൂർത്തിയാക്കിയ എറണാകുളം കരയോഗത്തിന്റെ ശതാബ്ദി ആഘോഷത്തിന് ഡിസംബർ 19 ന് തുടക്കമാകുമെന്ന് കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. രാവിലെ 8.30 ന് പ്രസിഡന്റ് ആലപ്പാട്ട് മുരളീധരൻ പതാക ഉയർത്തുന്നതോടെ ആഘോഷ പരിപാടികൾക്ക് തുടക്കമാകും. വൈകിട്ട് അഞ്ചിന് ടിഡിഎം ഹാളിൽ നടക്കുന്ന ശതാബ്ദി ആഘോഷ സമ്മേളനം ചലച്ചിത്രതാരം മോഹൻലാൽ ഉദ്ഘാടനം ചെയ്യും. ആലപ്പാട്ട് മുരളീധരൻ അധ്യക്ഷത വഹിക്കും. ശതാബ്ദി ആഘോഷ കമ്മിറ്റി ചെയർമാൻ ജസ്റ്റിസ്. കെ എസ് രാധാകൃഷ്ണൻ ആമുഖ പ്രസംഗം നടത്തും. സ്വാമി ചിദാനന്ദപുരി, പാണക്കാട് സെയ്ദ് സാദിഖലി ശിഹാബ് തങ്ങൾ, ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രപ്പോലീത്ത എന്നിവർ അനുഗ്രഹ പ്രഭാഷണം നടത്തും. മന്ത്രി പി. രാജീവ്, എറണാകുളം ജില്ലാ കലക്ടർ ജി. പ്രിയങ്ക, ഡോ.പി. മുഹമ്മദലി ഗൾഫാർ, പുനലൂർ സോമരാജൻ, എന്നിവർ പ്രസംഗിക്കും. ഉദ്ഘാടന സമ്മേളനത്തിൽ അംഗങ്ങൾക്ക് മാത്രമാകും പ്രവേശനം.
20 ന് രാവിലെ പത്തരയ്ക്ക് ഒരു നൂറ്റാണ്ടിന്റെ പ്രസക്തി എന്ന വിഷയത്തിൽ സെമിനാർ നടക്കും. വൈകിട്ട് പാട്ടും പൊരുളും സാംസ്കാരിക പരിപാടി നടക്കും. ഞായറാഴ്ച രാവിലെ പത്തരയ്ക്ക് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ, ലഹരിവിരുദ്ധ ബോധവത്കരണം എന്ന വിഷയത്തിൽ സെമിനാർ നടക്കും. ഉച്ചയ്ക്ക് പന്ത്രണ്ടരയ്ക്ക് അൻപത് വർഷം മുൻപ് ടിഡിഎം ഹാളിൽ വച്ച് വിവാഹിതരായ ദമ്പതികളെ സുവർണ്ണ സ്മൃതി ഫലകം നൽകി ആദരിക്കും. വൈകിട്ട് ആറരയ്ക്ക് ബിജു നാരായണൻ നയിക്കുന്ന സംഗീത സായാഹ്നം. തുടർന്നുള്ള ദിവസങ്ങളിലും വിവിധ സെമിനാറുകളും സാംസ്കാരിക പരിപാടികളും അരങ്ങേറും. ഡിസംബർ 25 ന് രാവിലെ പത്തരയ്ക്ക് നടക്കുന്ന ശതാബ്ദി ആഘോഷ സമാപന സമ്മേളനം സ്വാമി ആനന്ദവനം ഭാരതി മഹാമണ്ഡലേശ്വർ ഉദ്ഘാടനം ചെയ്യും. ശതീകം സമ്മാൻ വിതരണം കേന്ദ്രമന്ത്രി സുരേഷ്ഗോപി നിർവഹിക്കും.

# മെനിഞ്ചൈറ്റിസിനെതിരെ ജാഗ്രത പാലിക്കണമെന്ന് വിദഗ്ധർ

**കൊച്ചി**: പ്രധാനമായും കുട്ടികളെ ബാധിക്കുന്ന മെനിഞ്ചൈറ്റിസ് രോഗബാധ പടരാതിരിക്കാൻ പ്രതിരോധ നടപടികൾ സ്വീകരിക്കണമെന്ന് ആരോഗ്യവിദഗ്ധർ. 2030ഓടെ ബാക്ടീരിയൽ മെനിഞ്ചൈറ്റിസ് പകർച്ചവ്യാധികൾ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ ലോകാരോഗ്യ സംഘടന ആരംഭിച്ചിച്ച വാക്സിനേഷൻ, ബോധവൽക്കരണം പോലുള്ള നടപടികളിലൂടെ രോഗബാധ 50 ശതമാനവും മരണസംഖ്യ 70 ശതമാനവും കുറയ്ക്കാനാകുമെന്ന് ആരോഗ്യ വിദഗ്ധർ പറയുന്നു.
ആഗോളതലത്തിൽ ഓരോ വർഷവും 25 ലക്ഷത്തിലധികം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന മെനിഞ്ചൈറ്റിസ് രോഗത്തിന് ഇരയാകുന്നവരിൽ ഏകദേശം 70 ശതമാനം പേരും അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. മസ്തിഷ്ക ജ്വരം എന്ന പേരിലും അറിയപ്പെടുന്ന മെനിഞ്ചൈറ്റിസ് തലച്ചോറിനും സുഷുമ്നാ നാഡിക്കും ചുറ്റുമുള്ള പാളിയുടെ വീക്കമാണ്. ഇത് സാധാരണയായി ബാക്ടീരിയ, ഫംഗസ് അല്ലെങ്കിൽ വൈറൽ അണുബാധ മൂലമാണ് ഉണ്ടാകുന്നത്. പനി, ആശയക്കുഴപ്പം, തലവേദന, ഓക്കാനം, ഛർദ്ദി തുടങ്ങിയവയാണ് പൊതുവായ ലക്ഷണങ്ങൾ.
അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളും കൗമാരക്കാരും കൂടുതലായും ഇരകളാകുന്ന മെനിഞ്ചൈറ്റിസിന്റെ ആജീവനാന്ത സങ്കീർണതകൾക്കുള്ള സാധ്യത മാതാപിതാക്കൾക്ക് തിരിച്ചറിയാൻ കഴിയാറില്ലെന്ന് തിരുവനന്തപുരം കിംസ് ആശുപത്രിയിലെ ക്ലിനിക്കൽ ഡയറക്ടർ ഓഫ് പീഡിയാട്രിക്സ് ‌സും മെഡിക്കൽ സൂപ്രണ്ടുമായ ഡോ. പ്രമീള ജോജി പറഞ്ഞു. കോളേജ് വിദ്യാർത്ഥികൾ, യാത്ര ചെയ്യുന്നവർ, തിരക്കേറിയ സ്ഥലങ്ങളിലുള്ളവർ എന്നിവർക്കും വാക്സിനേഷൻ ആവശ്യമാണ്. രോഗപ്രതിരോധ കുത്തിവയ്പ്പിലൂടെയുള്ള കൂട്ടായ സംരക്ഷണം മെനിഞ്ചൈറ്റിസ് പടരാനുള്ള സാധ്യത കുറയ്ക്കുന്നതായും അവർ പറഞ്ഞു.



# സുരക്ഷിതമായ ഹൈഡ്രജൻ ഗതാഗത സംവിധാനം വികസിപ്പിച്ചു

**പൂനെ**: ഹൈഡ്രജൻ ഇന്ധനം സുരക്ഷിതമായും കുറഞ്ഞ ചെലവിലും കൊണ്ടുപോകുന്നതിനുള്ള ഗതാഗത സംവിധാനം വികസിപ്പിച്ച് എംഐടി വേൾഡ് പീസ് യൂണിവേഴ്സിറ്റിയിലെ ഗവേഷകസംഘം. ഹൈഡ്രജൻ ഇന്ധന ഗതാഗതത്തിലെ ഏറ്റവും വലിയ വെല്ലുവിളിക്കാണ് ഈ കണ്ടുപിടിത്തത്തിലൂടെ പരിഹാരമായിരിക്കുന്നത്.
ഗവേഷക സംഘം വികസിപ്പിച്ച ലിക്വിഡ് ഓർഗാനിക് ഹൈഡ്രജൻ കാരിയർ (എൽഒഎച്ച്സി) സിസ്റ്റം ഉപയോഗിച്ച് ഹൈഡ്രജനെ തീപിടിക്കാത്തതും പൊട്ടിത്തെറിക്കാത്തതും സാധാരണ താപനിലയിലും മർദ്ദത്തിലും കൈകാര്യം ചെയ്യാൻ സാധിക്കുന്നതുമായ സ്ഥിരതയുള്ള ദ്രാവകരൂപത്തിൽ സംഭരിക്കാൻ കഴിയും.
ഈ വെല്ലുവിളി ഏറ്റെടുക്കാൻ ഓംക്ലീൻടെക് പ്രൈവറ്റ് ലിമിറ്റഡ് (ഒസിപിഎൽ) എംഐടിഡബ്ല്യുപിയുവിനെ സമീപിച്ചതോടെയാണ് ഇന്നൊവേഷൻ ആരംഭിച്ചത്. ലോകത്തെവിടെയും മുൻ മാതൃകകൾ ഇല്ലാത്തതിനാൽ, ഗവേഷകസംഘത്തിന് ആദ്യം മുതൽ തന്നെ മുഴുവൻ പ്രക്രിയയും രൂപപ്പെടുത്തേണ്ടി വന്നു.
നിലവിലുള്ള ഇന്ധന ടാങ്കറുകൾ, സംഭരണ കണ്ടെയ്നറുകൾ, പൈപ്പ് ലൈനുകൾ എന്നിവ വഴി ഈ ദ്രാവകം കൈകാര്യം ചെയ്യാൻ കഴിയുമെന്നതിനാൽ, പ്രവർത്തനച്ചെലവും ഗതാഗത അപകടസാധ്യതകളും വലിയ തോതിൽ കുറയ്ക്കാൻ സാധിക്കും.

## കുസാറ്റ്: വാക്ക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ ക്ലാസുകൾ കൈകാര്യം ചെയ്യാൻ ഗസ്റ്റ് ഫാക്കൽറ്റി പാനൽ തയാറാകുന്നതിന്റെ ഭാഗമായി ഡിസംബർ 30ന് രാവിലെ 10:30 ന് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽവെച്ച് വാക്ക്ഇൻ ഇന്റർവ്യൂ നടത്തുന്നു. സ്റ്റാറ്റിസ്റ്റിക്സിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. NET/PhD അഭികാമ്യം. കൂടുതൽ വിവരങ്ങൾക്ക് www.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0484 2862471

## ജൂനിയർ റിസർച്ച് ഫെലോ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ ജൂനിയർ റിസർച്ച് ഫെലോ ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. NET/JRF/CSIR/GATE ഓടുകൂടി സ്റ്റാറ്റിസ്റ്റിക്സിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ sankaran.p.g@gmail.com എന്ന വിലാസത്തിൽ വിശദമായ ബയോഡാറ്റ ഡിസംബർ 24ന് മുൻപായി ലഭിക്കത്തക്കവിധം അയക്കണം. കൂടുതൽ വിവരങ്ങൾക്ക് 9847348528 എന്ന നമ്പറിൽ ബന്ധപെടുക.

## റിസർച്ച് അസിസ്റ്റന്റ് ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ ICSSR പദ്ധതിയുടെ ഭാഗമായി താൽകാലിക നിയമനത്തിൽ റിസർച്ച് അസിസ്റ്റന്റ് ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. NET/M.Phil/PhD ഓടുകൂടി സോഷ്യൽ സയൻസ് വിഷയത്തിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ സർവകലാശാല വെബ്സൈറ്റ് വഴി അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 9656808654.

## അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** സ്റ്റാച്യുവിൽ പ്രവർത്തിക്കുന്ന ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിൽ ഡിസംബർ 26ന് ആരംഭിക്കുന്ന 20 ദിവസത്തെ സൗജന്യ അച്ചാർ, പപ്പടം, ജാം നിർമാണ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു.
രാവിലെ 9.30 മുതൽ അഞ്ചു മണി വരെയായിരിക്കും ക്ലാസുകൾ. 18നും 50നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. താൽപര്യമുള്ളവർ 04712322430, 8891228788 എന്നീ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്ത് ഡിസംബർ 22ന് നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണം.

## അപേക്ഷ ക്ഷണിച്ചു

**കോട്ടയം:** വനിതാ ശിശുവികസന വകുപ്പ് ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് വഴി നടപ്പിലാക്കുന്ന ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പദ്ധതിയുടെ പരിശീലക പാനലിലേക്ക് അപേക്ഷ ക്ഷണിച്ചു.
യോഗ്യത: ബിരുദാനന്തര ബിരുദവും കുട്ടികളുടെ മേഖലയിൽ പ്രവൃത്തി പരിചയവും പരിശീലന മേഖലയിൽ പ്രവൃത്തി പരിചയവും അല്ലെങ്കിൽ ബിരുദവും രണ്ടു വർഷം കുട്ടികളുടെ മേഖലയിലെ പ്രവൃത്തി പരിചയവും പരിശീലന മേഖലയിലെ പ്രവൃത്തിപരിചയവും ഉണ്ടായിരിക്കണം.
പ്രൊഫഷണൽ കോഴ്സുകളിൽ ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന അഭിരുചിയുള്ളവർക്കും അപേക്ഷ നൽകാം. അപേക്ഷകർ കോട്ടയം ജില്ലക്കാരായിരിക്കണം.
വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത പ്രവൃത്തി പരിചയം, പ്രായം, താമസസ്ഥലം എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ജില്ലാ ശിശുസംരക്ഷണ ഓഫീസർ, ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് അണ്ണാൻകുന്ന് റോഡ്, കോട്ടയം എന്ന വിലാസത്തിൽ നേരിട്ടോ തപാൽ വഴിയോ ഡിസംബർ 23 ന് വൈകിട്ട് അഞ്ചിന് മുമ്പ് ലഭ്യമാക്കണം. ഫോൺ : 8281899464.

## ലാറ്ററൽ എൻട്രി: അപേക്ഷ ക്ഷണിച്ചു

**കോട്ടയം:** എസ്.ആർ.സി കമ്മ്യൂണിറ്റി കോളജ് 2025 ജൂലൈ സെഷനിൽ ഡിപ്ലോമ ഇൻ ട്രെയിനേഴ്സ് ട്രെയിനിംഗ് (ഡിടിടി) പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്ററിലേയ്ക്ക് ലാറ്ററൽ എൻട്രിയിലൂടെ പ്രവേശനം നേടുന്നതിന് അപേക്ഷ ക്ഷണിച്ചു. എസ്.ആർ.സി കമ്മ്യൂണിറ്റി കോളജ് നടത്തിയ സി.ടി.ടി കോഴ്സ് പൂർത്തിയായവർക്ക് അപേക്ഷിക്കാം. അവസാന തീയതി ഡിസംബർ 31. യോഗ്യത: ബിരുദം അല്ലെങ്കിൽ തത്തുല്യം.
ഫോൺ : 04712325101, 8281114464.

# കെ ടെറ്റ് സർട്ടിഫിക്കറ്റ് പരിശോധന: ഡിസംബർ 18 മുതൽ 20 വരെ

**ബത്തേരി:** കെ ടെറ്റ് പരീക്ഷ പാസായവരുടെ സർട്ടിഫിക്കറ്റ് പരിശോധന ഡിസംബർ 18 മുതൽ 20 വരെ കൽപ്പറ്റ എസ്.കെ.എം.ജെ ഹയർ സെക്കൻഡറി സ്കൂളിൽ നടക്കുമെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചു. 2025 ജൂൺ വരെ നടന്ന വിവിധ പരീക്ഷകളിലെ സർട്ടിഫിക്കറ്റാണ് പരിശോധിക്കുന്നത്. ഡിസംബർ 18 ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്ന് വരെ കാറ്റഗറി ഒന്നിനും ഉച്ചയ്ക്ക് രണ്ട് മുതൽ വൈകിട്ട് അഞ്ച് വരെ കാറ്റഗറി രണ്ടിനും ഡിസംബർ 19 ന് രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെ കാറ്റഗറി മൂന്നിനും ഡിസംബർ 20 ന് കാറ്റഗറി നാലിനും സർട്ടിഫിക്കറ്റ് പരിശോധന നടക്കും.

ഉദ്യോഗാർത്ഥികൾ എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി, ബി.എഡ്, ടി.ടി.സി സർട്ടിഫിക്കറ്റുകളുടെ അസൽ, സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, റിസൾട്ട് ഡൗൺലോഡ് ചെയ്ത ഷീറ്റ്, ഹാൾ ടിക്കറ്റിന്റെ അസൽ, പകർപ്പ് എന്നിവ ഹാജരാക്കണം. ബി.എഡ്, ഡി.എഡ്, ഡി.എൽ.എഡ് വിഭാഗത്തിൽ പഠിച്ചു കൊണ്ടിരിക്കെ പരീക്ഷയെഴുതിയവർ കെ.ടെറ്റ് പരീക്ഷയ്ക്ക് അപേക്ഷിക്കുമ്പോൾ രണ്ടാം വർഷം വിദ്യാർത്ഥിയാണെന്ന് സ്ഥാപന മേലധികാരി നൽകുന്ന സാക്ഷ്യപത്രം, അസൽ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കി വെരിഫിക്കേഷൻ പൂർത്തിയാക്കണമെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചു. ഫോൺ: 04936 202264.

# കുടുംബശ്രീ ബി ടു ബി മീറ്റ് സംഘടിപ്പിച്ചു

**ബത്തേരി:** കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ കുടുംബശ്രീ സംരംഭകർ, വിവിധ മേഖലകളിലെ വിതരണക്കാർ എന്നിവർക്കായി സംഘടിപ്പിച്ച ബിസിനസ്ടുബിസിനസ് മീറ്റ് ജില്ലാ കളക്ടർ ഡി.ആർ മേഘശ്രീ ഉദ്ഘാടനം ചെയ്തു. വെല്ലുവിളികൾ അതിജീവിച്ച് മുന്നേറുന്ന വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കണമെന്നും വ്യത്യസ്തവും ഗുണനിലവാരവും ഉള്ള ഉത്പന്നങ്ങളാണ് സംരംഭകർ ഉത്പാദിപ്പിക്കുന്നതെന്നും ജില്ലാ കളക്ടർ പറഞ്ഞു. കുടുംബശ്രീ ഉത്പന്നങ്ങൾക്ക് ഫലപ്രദമായ വിപണന സാധ്യത ഒരുക്കുകയാണ് ബിസിനസ്ടുബിസിനസ് മീറ്റിന്റെ ലക്ഷ്യം.

ബി ടു ബി മീറ്റിലൂടെ കുടുംബശ്രീക്ക് കീഴിൽ നിർമ്മിക്കുന്ന ഗുണനിലവാരമുള്ള ഉത്പന്നങ്ങൾക്ക് വിതരണ പങ്കാളികളെ കണ്ടെത്തി വിപണനവിതരണ സംവിധാനം രൂപപ്പെടുത്തും. മീനങ്ങാടി കമ്മ്യൂണിറ്റി ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ ജില്ലയിലെ 65 ഓളം കുടുംബശ്രീ സംരംഭകർ വിവിധ ഉത്പന്നങ്ങൾ പ്രദർശിപ്പിച്ചു. വിതരണകാർക്ക് ബിസിനസ് സഹകരണങ്ങൾ, ഇടപാടുകൾ, വിപണന അവസരങ്ങൾ കണ്ടെത്താനും പരിപാടി അവസരമൊരുക്കി. ബിസിനസ്ടുബിസിനസ് മീറ്റിൽ 16 ഓളം വിതരണക്കാർ പങ്കെടുത്തു. സംരംഭകരുമായി നേരിട്ട് ആശയവിനിമയം നടത്തി പുതിയ ഉത്പന്നങ്ങൾ പരിചയപ്പെടാൻ മേള വേദിയായി.

സംരംഭകരുടെയും വിതരണക്കാരുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ജില്ലാതലത്തിൽ ബി ടു ബി മോണിറ്ററിങ് കമ്മിറ്റി രൂപീകരിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ കെ.പി ജയചന്ദ്രൻ അധ്യക്ഷനായ പരിപാടിയിൽ ജില്ലാ വ്യവസായ കേന്ദ്രം ഡെപ്യൂട്ടി ഡയറക്ടർ പി.എസ് കലാവതി, കുടുംബശ്രീ അസിസ്റ്റന്റ് ജില്ലാ മിഷൻ കോഓർഡിനേറ്റർ കെ സലീന, ഡി.പി.എമാരായ അഷ്ഫാക് സുൽത്താൻ, പി.ഹുദൈഫ്, ശ്രുതി രാജൻ എന്നിവർ സംസാരിച്ചു.

# അപേക്ഷ ക്ഷണിച്ചു

**മലപ്പുറം:** ആക്സസ് മലപ്പുറം ചാരിറ്റബിൾ സൊസൈറ്റി ഭിന്നശേഷിയുള്ള ഉദ്യോഗാർഥികൾക്കായി മലപ്പുറം കളക്ടറേറ്റിൽ സൗജന്യമായി നടത്തി വരുന്ന പി.എസ്.സി പരീക്ഷാ പരിശീലന ക്ലാസ്സിലേക്ക് ബിരുദധാരികളായ ഭിന്നശേഷി വിഭാഗത്തിൽ പെട്ട ഉദ്യോഗാർഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. യൂണിവേഴ്സിറ്റി അസിസ്റ്റന്റ്, കമ്പനി/ബോർഡ് അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്കുള്ള പരിശീലനം ഹൈബ്രിഡ് മോഡിലാണ് നടക്കുക. ദൂരെയുള്ള ഉദ്യോഗാർഥികൾക്ക് ഓൺലൈൻ സപ്പോർട്ടും ലഭ്യമാണ്. സൗജന്യ പഠന സാമഗ്രികൾ, കേൾവി പരിമിതിയുള്ളവർക്ക് സൈൻ ലാംഗ്വേജിൽ ക്ലാസുകൾ, കാഴ്ച പരിമിതിയുള്ളവർക്ക് പ്രധാന ടോപിക്കുകളുടെ വോയിസ് റെക്കോർഡ് എന്നിവയും ലഭ്യമാണ്. ഫോൺ: 9745496170.

# വനിതാ കമ്മീഷൻ സുരക്ഷാ ഓഡിറ്റ് പദ്ധതി: അപേക്ഷ ക്ഷണിച്ചു

**മലപ്പുറം:** സ്ത്രീകളുടെ രാത്രി യാത്ര സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് സംസ്ഥാന വനിതാ കമ്മീഷന്റെ സുരക്ഷാ ഓഡിറ്റ് പദ്ധതി നടപ്പാക്കുന്നതിനായി കേരളത്തിലെ ആറ് നഗര മേഖലകളിലെ സുരക്ഷാ സംവിധാനങ്ങൾ മനസിലാക്കുന്നതിനും വിവരശേഖരണം നടത്തുന്നതിനും പ്രവർത്തന പരിചയമുള്ള ഏജൻസികൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. വിശദാംശങ്ങൾ keralawomenscommission.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകൾ ഡിസംബർ 24 നകം കമ്മീഷനിൽ ലഭ്യമാക്കണം.



# ഉയരെ ഉത്പന്നങ്ങൾ വീണാ ജോർജ് പ്രകാശനം ചെയ്തു

**തിരുവനന്തപുരം:** സംസ്ഥാന വനിതാ ശിശു വികസന വകുപ്പ് സ്റ്റേറ്റ് നിർഭയ സെല്ലിന് കീഴിൽ എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന തേജോമയ ഹോമിലെ താമസക്കാർ അവരുടെ പരിശീലനത്തിന്റെ ഭാഗമായി 'ഉയരേ' എന്ന ബ്രാൻഡിൽ നിർമിച്ച ഉൽപ്പന്നങ്ങളുടെ പ്രകാശനം മന്ത്രി വീണാ ജോർജ് നിർവഹിച്ചു. പൂജപ്പുരയിലുള്ള വനിതാ ശിശു വികസന ഡയറക്ടറേറ്റിൽ ഏക ദിന പ്രദർശന വിപണന മേള സംഘടിപ്പിച്ചു. കര കൗശല വസ്തുക്കൾ, വസ്ത്രങ്ങൾ, ഭക്ഷ്യ ഉത്പ്പന്നങ്ങൾ എന്നിവ വിപണനത്തിനായി തയ്യാറാക്കിയിരുന്നു.

മന്ത്രി വീണാ ജോർജ് ടീമിനെ അഭിനന്ദിച്ചു. ഈ ബ്രാൻഡിംഗിലൂടെ കുട്ടികൾ നിർമ്മിക്കുന്ന വിവിധതരം വസ്ത്രങ്ങളും ബാഗുകളും ബേക്കറി ഉത്പന്നങ്ങളും വിപണനം നടത്തി വരികയാണ്. വീടുകളിലേക്ക് തിരിച്ച് പോകാൻ സാധിക്കാത്ത അതിജീവിതരായ പെൺകുട്ടികളുടെ ദീർഘകാല പുനരധിവാസം ലക്ഷ്യമാക്കിയാണ് വനിതാശിശു വികസന വകുപ്പിന് കീഴിലുള്ള നിർഭയ സെല്ലിന്റെ മേൽനോട്ടത്തിൽ തേജോമയ ഹോം പ്രവർത്തിച്ചു വരുന്നത്. എൻട്രി ഹോമുകൾ, മോഡൽ ഹോം എന്നിവിടങ്ങളിലെ കട്ടികളിൽ അനുയോജ്യരായവരെ സൈക്കോളജിക്കൽ അസസ്മെന്റ് നടത്തി തെരഞ്ഞെടുക്കുകയും ഹോമിലെത്തിച്ച് ഓരോരുത്തരുടെയും അഭിരുചിക്കനുസരിച്ച് തൊഴിലധിഷ്ഠിത പരിശീലനം, ജീവിത നൈപുണ്യ പരിശീലനം എന്നിവ നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുവാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇത്തരത്തിൽ ഇതുവരെ 50 ഓളം കുട്ടികൾക്ക് പരിശീലനം നൽകി മുഖ്യധാരയിലേക്ക് എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്.

നിർഭയ സെൽ സ്റ്റേറ്റ് കോ ഓർഡിനേറ്റർ ശ്രീല മേനോൻ മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# താപ അസന്തുലിതാവസ്ഥ മറികടക്കാൻ ലോകനേതാക്കൾ കൈകോർക്കണമെന്ന് മൗറീഷ്യസ് പ്രസിഡന്റ്

**തിരുവനന്തപുരം:** 'ആന്തരിക താപം, ബാഹ്യ താപം: നമ്മുടെ ലോകത്തെ രൂപപ്പെടുത്തുന്ന വൈകാരിക കാലാവസ്ഥ' എന്ന പ്രമേയത്തെ ആസ്പദമാക്കി നടന്ന രണ്ടുദിവസത്തെ പതിനഞ്ചാമത് ഗ്ലോബൽ എനർജി പാർലമെന്റ് സമ്മേളനം മൗറീഷ്യസ് പ്രസിഡന്റ് ധരംബീർ ഗോഖൂൽ ഉദ്ഘാടനം ചെയ്തു.

മനുഷ്യവംശവും നമ്മുടെ ഗ്രഹവും തമ്മിലുള്ള അഭൂതപൂർവവും അപകടകരവുമായ അസന്തുലിതാവസ്ഥ പരിഹരിക്കാൻ ആന്തരിക ബാഹ്യ താപങ്ങൾ പുനഃക്രമീകരിക്കുന്നതിനുള്ള ആഗോള ഊർജപാർലമെന്റിന്റെ അന്താരാഷ്ട്ര സംരംഭത്തെ പ്രോത്സാഹിപ്പിക്കാൻ എല്ലാ ലോക നേതാക്കളും കൈകോർക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. ജി.ഇ.പി.യിലെ ചർച്ചകൾക്ക് താൻ പ്രത്യേക ശ്രദ്ധ നൽകുമെന്നും ഉചിതമായ നടപടികൾക്കായി ജി.ഇ.പി.യുടെ നിർദ്ദേശങ്ങളും ശുപാർശകളും മൗറീഷ്യസ് സർക്കാരിന് കൈമാറുമെന്നും അദ്ദേഹം അറിയിച്ചു.

സമൂഹത്തെയും പരിസ്ഥിതിയെയും ഒരുപോലെ ബാധിക്കുന്ന താപ അസന്തുലിതാവസ്ഥയെ മറികടക്കാൻ ആഗോള സമൂഹത്തിന് ആശ്രയിക്കാവുന്ന ഒരു പ്രതീക്ഷയുടെ ഉറവിടമാണ് പ്രാചീന ഭാരതീയ തത്വശാസ്ത്രത്തിൽ അധിഷ്ഠിതമായ സ്വാമി ഈശയുടെ ശാസ്ത്രീയവിദ്യാഭ്യാസ തത്വശാസ്ത്രങ്ങളെന്ന് പതിനഞ്ചാം സെഷൻ ഉദ്ഘാടനം ചെയ്ത ബംഗാൾ ഗവർണർ ഡോ. സി. വി. ആനന്ദബോസ് പറഞ്ഞു.

ഉപഗ്രഹ ഡാറ്റയെയും മനുഷ്യന്റെ ക്ഷേമ സൂചകങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് ഗ്രഹപരമായ സന്തുലനത്തിന്റെ ഒരൊറ്റ ആഗോള അളവുകോൽ സൃഷ്ടിക്കുന്നതിനായി ഒരു 'ഗ്ലോബൽ എനർജി ബാലൻസ് ഇൻഡക്സ്' (Global Energy Balance Index) രൂപീകരിക്കണമെന്ന് മുൻ ഐ.എസ്.ആർ.ഒ. ചെയർമാൻ ഡോ. എസ്. സോമനാഥ് നിർദ്ദേശിച്ചു. നിർദ്ദേശം സഭ ഏകകണ്ഠമായി അംഗീകരിച്ചു.

ശാശ്വത സന്തോഷം, സമാധാനം, പൂർണ്ണത എന്നിവയിലേക്കുള്ള പാത രൂപപ്പെടുന്നത് ശാസ്ത്രീയ സിദ്ധാന്തങ്ങളെക്കുറിച്ചുള്ള മനുഷ്യന്റെ ധാരണയിലൂടെയും, ആന്തരികവും ബാഹ്യവുമായ ലോകങ്ങളിൽ ആ അറിവ് പ്രയോഗിക്കുന്നതിലൂടെയും ആണെന്ന് ഗ്ലോബൽ എനർജി പാർലമെന്റിന്റെ (GEP) സ്ഥാപകനായ ജഗദ്ഗുരു സ്വാമി ഈശ സമാപന പ്രസംഗത്തിൽ പറഞ്ഞു. ഈ രണ്ട് ലോകങ്ങളെയും സന്തുലിതാവസ്ഥയിൽ എത്തിക്കേണ്ടത് അത്യാവശ്യമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഈ സമഗ്രമായ പ്രക്രിയ, പ്രാണൻ (ജീവന്റെ ഊർജ്ജം), വികാരം, ചിന്ത എന്നിവയെക്കുറിച്ചുള്ള അറിവിനെ മുന്നോട്ട് കൊണ്ടുപോകുമെന്നും, വ്യക്തിയെ ചാഞ്ചല്യമുള്ള ഒരു അവസ്ഥയിൽ നിന്ന് സ്ഥിരമായ 'സമ്പൂർണ്ണ ബോധത്തിന്റെ' (Total Consciousness) അവസ്ഥയിലേക്ക് നയിക്കുമെന്നും സ്വാമി ഈശ വിശദീകരിച്ചു. ഈ സമന്വയ പ്രക്രിയ തന്നെയാണ് മറ്റൊരു ഭാഷയിൽ അഷ്ടാംഗ യോഗയുടെ പുരാതന പാരമ്പര്യത്തിൽ വിവരിച്ചിട്ടുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

'ആന്തരിക താപം, ബാഹ്യ താപം: നമ്മുടെ ലോകത്തെ രൂപപ്പെടുത്തുന്ന വൈകാരിക കാലാവസ്ഥ' എന്ന പ്രമേയത്തെ ആസ്പദമാക്കി ഈ ശാലയത്തിൽ നടന്ന പാർലമെന്റിൽ 20 രാജ്യങ്ങളിൽ നിന്നുള്ള അക്കാദമിക് വിദഗ്ധരും ശാസ്ത്രസാങ്കേതിക വിദഗ്ധരും പങ്കെടുത്തു.

പുനരുജ്ജീവന കൃഷി മുതൽ ബഹിരാകാശ ശാസ്ത്രം, ബിസിനസ്, ക്വാണ്ടം ഫിസിക്സ് ഗവേഷണം വരെയുള്ള മേഖലകളിൽ പ്രകൃതിപരമായ താപവും രാസ സന്തുലിതാവസ്ഥയും നിലനിർത്തുന്നതിനുള്ള നടപടികൾ സംബന്ധിച്ച് ആറ് നിയമങ്ങളും ആറ് പ്രമേയങ്ങളും സമ്മേളനം പാസാക്കി.

ജി.ഇ.പി. സ്പീക്കർ ഡോ. കിരൺ വ്യാസ്, സെക്രട്ടറി ഡോ. എം.ആർ. തമ്പാൻ, ഡെപ്യൂട്ടി സ്പീക്കർ പ്രൊഫ. ഡോ. ബിന്ദു ആർ.എൽ, ഡോ. ജി. ശങ്കർ (ഹാബിറ്റാറ്റ്), പ്രൊഫ. ഡോ. ജോർജ് വർഗ്ഗീസ്, ഡോ. വി. രഘു, അഡ്വ. ഡോ. വി.എസ്. ഹരീന്ദ്രനാഥ്, ഡോ. കെ. രാജേശ്വരി, ഡോ. വി. ജയപാൽ, അജിത് വെണ്ണിയൂർ, ഡോ. ജോയ് ജോസഫ്, ഡോ. സുജാക്ഷി ഹരിദാസ്, പി. പ്രതാപൻ, കോർഡിനേറ്റർ മീര, ജി.ഇ.പി. റിസർച്ച് സെന്റർ ഡയറക്ടർ ഡോ. ക്രിസ്റ്റോഫ് ഡ്യൂമാസ് (ഫ്രാൻസ്), ലേഡി കാർല ഡേവിസ് (യുഎസ്എ), ഡോ. ഫോൾക്കർ മെയ്സ്നർ (ജർമ്മനി), ഡോ. ബാർബറ ഈസ്റ്റർലിൻ (യുഎസ്എ), ഷാർലറ്റ് റോസ് മെല്ലിസ് (ഓസ്ട്രേലിയ), പ്രൊഫ. ഡോ. ആന്ദ്രേ ല്യൂ (ന്യൂസിലാൻഡ്), ഡോ. ഗിഗി ഫോസ്റ്റർ (ഓസ്ട്രേലിയ), ഡോ. എമ്മ ലോറൻസ് (ഓസ്ട്രേലിയ), ഡോ. ബ്ലെസ്സൺ മാത്യു വർഗ്ഗീസ് (ഓസ്ട്രേലിയ) എന്നിവരും മറ്റ് അന്താരാഷ്ട്ര വിദഗ്ധരും സമ്മേളനത്തിൽ സംസാരിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# മാപ് കോൺ കൊച്ചിയിൽ തുടങ്ങി




**കൊച്ചി:** മൈക്രോവേവ്സ്, ആന്റിനാസ് ആന്റ് പ്രൊപാഗേഷൻ കോൺഫറൻസിന് (മാപ്കോൺ) ഗ്രാന്റ് ഹയാത്ത് ബോൾഗാട്ടി ലുലു ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ തുടക്കമായി. സ്പേസ് ഡിപ്പാർട്ട്മെന്റ് സെക്രട്ടറിയും ഐ എസ് ആർ ഒ ചെയർമാനുമായ ഡോ. വി. നാരായണൻ പഞ്ചദിന സമ്മേളനം ഉദ്ഘാടനം ചെയ്തു. ആഗോള തലത്തിലെ ഗവേഷണങ്ങളും കണ്ടെത്തലുകളും പഠനങ്ങളും മാപ്കോൺ സമ്മേളനം എടുത്തു കാണിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഉന്നത ഗവേഷണങ്ങളിലും പഠനത്തിലും ഇന്ത്യയെ ആഗോള തലത്തിൽ മുമ്പിലെത്തിക്കാൻ ഇത്തരം സമ്മേളനങ്ങൾ സഹായിക്കുമെന്നും അദ്ദേഹം വീഡിയോ കോൺഫറൻസിലൂടെ നടത്തിയ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

പതിറ്റാണ്ടുകളിലൂടെ ഇന്ത്യ പ്രതിരോധ രംഗത്ത് മുൻപന്തിയിൽ എത്തിയതായും മറ്റു രാജ്യങ്ങൾക്ക് പ്രതിരോധ സംവിധാനങ്ങൾ കൈമാറുന്ന തലത്തിലേക്ക് ഉയർന്നതായും ഉദ്ഘാടന ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ ഡി ആർ ഡി ഒ ഇ സി എസ് ഡിജി ഡോ. ബി. കെ ദാസ് പറഞ്ഞു. റോയൽ മിലിട്ടറി കോളജ് കാനഡയിലെ പ്രൊഫ. ജവാദ് സിദ്ദീഖി, ജർമ്മനി യൂണിവേഴ്സിറ്റി ഓഫ് സീജനിലെ ജാസിം ഗ്രോസിംഗർ, ഐ. ഐ. എസ്. ടി തിരുവനന്തപുരം പ്രൊഫസർ ബി. എസ്. മനോജ്, ഐ ട്രിപ്ൾഇ എം. ടി. ടി. എസ് പ്രസിഡന്റ് ഗൗതം ചതോപാധ്യയ, ഐ ട്രിപ്ൾഇ എ. പി .എസ്. പ്രസിഡന്റ് കിസ്റ്റഫർ ഫ്യുമിക്സ്, ഐ. ഐ. എസ്. ടി തിരുവനന്തപുരം ഡയറക്ടർ ദീപാങ്കർ ബാനർജി, ഐ. ഐ. എസ്. ടി തിരുവനന്തപുരം പ്രൊഫസർ ചിന്മയ് സാഹ, റോയൽ മിലിട്ടറി കോളജ് കാനഡയിലെ യഹിയ എം. അൻതാർ, ഡി. ആർ. ഡി. ഒ. എൽ. ആർ. ഡി. ഇ. അശുതോഷ് കേദാർ എന്നിവർ പ്രസംഗിച്ചു.

മൈക്രോവേവ് തിയറി ആന്റ് ടെക്നോളജി സൊസൈറ്റിയും ആന്റിനാസ് ആന്റ് പ്രൊപഗേഷൻ സൊസൈറ്റിയും സംയുക്തമായി നടത്തുന്ന മാപ്കോൺ ഐ ട്രിപ്ൾഇ ഇഎംസിഎസ്, ഐ ട്രിപ്ൾ ഇ ജി ആർ എസ് എസ് എന്നിവയുടെ പിന്തുണയോടെയാണ് സംഘടിപ്പിക്കുന്നത്. ആർ. എഫ്, മൈക്രോവേവ്, ആന്റിന, ഇലക്ട്രോമാഗ്നറ്റിക്സ്, വയർലെസ് സിസ്റ്റം, പ്രതിരോധ സാങ്കേതികവിദ്യകൾ, ബഹിരാകാശ പ്രയോഗങ്ങൾ തുടങ്ങിയ മേഖലകളിലെ ശാസ്ത്രജ്ഞർ, എഞ്ചിനീയർമാർ, ഗവേഷകർ, വ്യവസായ നേതാക്കൾ തുടങ്ങിയവർ 18 വരെ നടക്കുന്ന സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

നാൽപതിലേറെ രാജ്യങ്ങളിൽ നിന്നായി 1,500ലധികം പേരാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്. അമേരിക്ക, യൂറോപ്പ്, യു. കെ, ഓസ്ട്രേലിയ, ഏഷ്യ പസഫിക്, മിഡിൽ ഈസ്റ്റ്, ആഫ്രിക്ക എന്നിവിടങ്ങളിൽ നിന്നുള്ള പ്രമുഖ സ്ഥാപനങ്ങളും ഐ. എസ്. ആർ. ഒ, ഡി. ആർ. ഡി. ഒ, ഐ. ഐ. എസ്. ടി തുടങ്ങി ഇന്ത്യയിലെ എല്ലാ പ്രധാന ശാസ്ത്ര ഗവേഷണ കേന്ദ്രങ്ങൾ, വ്യവസായങ്ങൾ, സ്റ്റാർട്ടപ്പുകൾ, ആയിരക്കണക്കിന് വിദ്യാർഥികൾ എന്നിവരും സമ്മേളനത്തിലുണ്ട്.

# സീയ സീസൺസ് : വനിതാ സംരംഭക്ത്വ എക്സിബിഷൻ 17, 18 തീയതികളിൽ

**കൊച്ചി:** വനിതാ സംരംഭകരുടെ കേരളത്തിലെ ഏറ്റവും വലിയ പ്രദർശനമായ സീയ സീസൺസ് പതിനാലാമത് എഡിഷൻ ഡിസംബർ 17,18 തീയതികളിൽ പനമ്പിള്ളി നഗർ അവന്യൂ സെന്ററിൽ നടക്കും. കേരളത്തിനകത്തും പുറത്തും നിന്നെത്തുന്ന നൂറിൽപരം വനിതകളുടെ വ്യത്യസ്ത ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും സംഘടിപ്പിക്കുന്ന സീയ സീസൺസ് എക്സ്സിബിഷൻറെ 14 മത് എഡിഷൻ, ഒട്ടേറെ പ്രത്യേകതകളോടെയാണ് ഇത്തവണ നടക്കുന്നത്.

ഡിസംബർ 17നു രാവിലെ 10.30ന് പ്രശസ്ത ചലച്ചിത്ര താരം സാധിക വേണുഗോപാൽ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ കൗൺസിലർമാരായ ആന്റണി പൈനൂതറ, പി. ഡി മാർട്ടിൻ, ജയ്സൺ ജോർജ്ജ്, മുൻ കൊച്ചി കോർപ്പറേഷൻ മേയർ സൗമിനി ജയിൻ, ചലച്ചിത്ര താരം ബിന്ദുപണിക്കർ, സിനിമ സീരിയൽ താരം ആൻ മരിയ, ചലച്ചിത്ര താരം ബിച്ചു അനീഷ് ചലച്ചിത്ര താരവും മോഡലുമായ കല്യാണി പണിക്കർ, അഭി സുഹാന, ലതാ ദാസ്, അനുപമ, തുടങ്ങി പ്രമുഖ വ്യക്തിത്വങ്ങൾ പങ്കെടുക്കും.

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലെയും കേരളത്തിലെയും വിവിധ ഭാഗങ്ങളിൽ നിന്നും എത്തുന്ന 100ൽപരം സ്ത്രീ സംരംഭകരുടെ വ്യത്യസ്ത ഉൽപ്പന്നങ്ങൾ പരിചയപ്പെടാനും, സ്വന്തമാക്കാനും എത്തുന്ന സന്ദർശകരായ ഭാഗ്യശാലികൾക്ക് വിവിധ സമ്മാനങ്ങളും ലഭിക്കും. വ്യത്യസ്തമായ ഡിസൈനർ വസ്ത്രങ്ങൾ, ആഭരണങ്ങൾ, കരകൗശല വസ്തുക്കൾ, ഗിഫ്റ്റ് ഐറ്റംസ്, ഹോം മേട് ഫുഡ്, ബുക്സ്, കളിപ്പാട്ടങ്ങൾ തുടങ്ങി വിവിധ്യമർന്ന നിരവധി ഉൽപ്പന്നങ്ങളാണ് മേളയിൽ എത്തുന്നത്.

സിയ സീസൻസ് സംഘടിപ്പിക്കുന്ന പതിനാലാമത് എഡിഷന്റെ ഭാഗമായി ജോയ് ആലുക്കാസ് നൽകുന്ന സ്വർണ്ണ സമ്മാനങ്ങൾ, അറേബ്യൻ ഗോൾഡ്, മില്ലേനിയം ഗോൾഡ് എന്നിവ നൽകുന്ന സ്പെഷ്യൽ ഗിഫ്റ്റുകൾ, നറുക്കെടുപ്പിലൂടെ വിവിധ ബ്രാൻഡുകൾ നൽകുന്ന സമ്മാനങ്ങൾ എന്നിവ സന്ദർശകർക്കായി ലഭിക്കും.




സ്ത്രീ സംരംഭകർക്കുള്ള ബിസിനെസ് ആശയങ്ങളെ പ്രവർത്തികമാക്കാനുള്ള പരിശീലനങ്ങൾ, നിർദ്ദേശങ്ങൾ, ബ്രാൻഡിംഗ് ആൻഡ് ഡിജിറ്റൽ പരിശീലനങ്ങൾ കേന്ദ്ര കേരള സഹായങ്ങക്കുറിച്ചുള്ള മാർഗ്ഗനിർദേശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനു വേണ്ടി ക്ലാസ്സുകളും സ്റ്റാൾ സൗകര്യം തയ്യാറാക്കിയിട്ടുണ്ടെന്നു ഈവന്റ് കോഡിനേറ്റർ സീനത്ത്, അഷ്റഫ് പറഞ്ഞു.

വാർത്താ സമ്മേളനത്തിൽ സീനത്ത് അഷ്റഫ്, ചലച്ചിത്ര താരങ്ങളായ ആൻ മരിയ, ബിച്ചു അനീഷ്, അഖില അവറാച്ചൻ, ജാസ്മിൻ ഷഫീക്ക്(എം ഡി ഇത്ര ഫ്യൂചർ) സോണിയ ഗ്ലാഡിസൺ, എന്നിവർ പങ്കെടുത്തു. വിശദ വിവരങ്ങൾക്ക്: 8075425256

# ഇന്ത്യയുടെ ജിഡിപി വളർച്ച 7.5 ശതമാനത്തിലേക്കു കുതിക്കുമെന്ന് റിപ്പോർട്ട്

**കൊച്ചി:** അടിസ്ഥാന സൗകര്യ, നിയന്ത്രണ മേഖലകളിലെ പരിഷ്ക്കാരങ്ങൾ, കുറഞ്ഞ വായ്പാ ചെലവുകൾ, മൂലധന രംഗത്തെ വളർച്ച തുടങ്ങിയവയുടെ പിന്തുണയോടെ 2027 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ സാമ്പത്തിക വളർച്ച ഇപ്പോഴത്തെ പ്രവണതകൾക്കും മുകളിലേക്കു കുതിക്കുമെന്ന് സാമ്പത്തിക സ്ഥിതിയെ കുറിച്ചുള്ള ആക്സിസ് ബാങ്കിന്റെ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ലോകത്തിലെ വലിയ സമ്പദ്ഘടനകളിൽ ഏറ്റവും വേഗത്തിൽ കുതിക്കുന്നതെന്ന നിലയിൽ 7.5 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. ഇക്കാര്യത്തിനു പിന്തുണ നൽകുന്ന നിരവധി ഘടകങ്ങളും ബാങ്കിന്റെ ചീഫ് ഇക്കണോമിസ്റ്റും ഗ്ലോബൽ റിസർച്ച് മേധാവിയുമായ നീൽകാന്ത് മിശ്ര റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നുണ്ട്. ഡോളർ വിനിമയ നിരക്കുകൾ ഇന്ത്യയ്ക്ക് സന്തുലനം സുസ്ഥിരമാക്കാൻ വഴിയൊരുക്കുമെന്നും ചൂണ്ടിക്കാട്ടുന്നു. കറന്റ് അക്കൗണ്ട് കമ്മി 2026 സാമ്പത്തിക വർഷത്തിൽ ജിഡിപിയുടെ 1.2 ശതമാനത്തിലേക്കും 2027 സാമ്പത്തിക വർഷത്തിൽ 1.3 ശതമാനത്തിലേക്കും നീങ്ങുമെന്നും റിപ്പോർട്ട് ചൂിക്കാട്ടുന്നു.

# വളർച്ചാ നിരക്കുമായി ആകസിസ് മാകസ് ലൈഫിന്റെ ഇകൊമേഴ്സ് ചാനൽ

**കൊച്ചി :** ആക്സിസ് മാക്സ് ലൈഫ് ഇൻഷുറൻസ് ലിമിറ്റഡ് രണ്ട് വർഷത്തിനിടെ ഇകൊമേഴ്സ് ചാനൽ വഴിയുള്ള ബിസിനസിൽ 52% സഞ്ചിത വാർഷിക വളർച്ചാ നിരക്ക് (സി.എ.ജി.ആർ) കൈവരിച്ചു. 2025 സാമ്പത്തിക വർഷത്തിൽ പുതിയ പോളിസികളുടെ 31ശതമാനത്തിലേറെയും, 2026 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ 35%ത്തിലധികവും ഈ ചാനലിലൂടെയായിരുന്നു വിറ്റഴിച്ചത് . കമ്പനിയുടെ ഡയറക്ട് ടു കൺസ്യൂമർ വെബ്സൈറ്റ് വഴി 219 കോടി രൂപയുടെ വാർഷിക പ്രീമിയം നേടാനായതും വളർച്ചയ്ക്ക് കരുത്തായി. ത്രീക്ലിക്ക് ഡി.ഐ.വൈ ക്രോസ്സെൽ, അപ്പ്സെൽ ഓപ്ഷനുകൾ, ക്രെഡിറ്റ് ബ്യൂറോകൾ വഴിയുള്ള തടസ്സമില്ലാത്ത ഓൺബോർഡിംഗ്, അക്കൗണ്ട് അഗ്രഗേഷൻ ആവാസവ്യവസ്ഥയുമായുള്ള സംയോജനം തുടങ്ങിയവ ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തുന്നതിൽ സുപ്രധാന പങ്ക് വഹിച്ചതായി കമ്പനി അറിയിച്ചു. എ.ഐ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി വോയ്സ് ടു ടെക്സ്റ്റ് സംവിധാനങ്ങൾ പോലുള്ള നൂതന സൗകര്യങ്ങൾ കൊണ്ടുവന്നത് ഓൺലൈൻ ചാനലിന് ഏറെ ഗുണകരമായി. ഇകൊമേഴ്സ് ചാനലിന്റെ ഗണ്യമായ വളർച്ച തങ്ങളുടെ ഡിജിറ്റൽ ആധിപത്യത്തിന്റെ വ്യക്തമായ സൂചനയുടെയും ഓൺലൈൻ ഓഫറുകളിൽ ഉപഭോക്താക്കൾ അർപ്പിക്കുന്ന വിശ്വാസത്തിന്റെയും തെളിവാണ് എന്ന് ആക്സിസ് മാക്സ് ലൈഫിന്റെ മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ സുമിത്മദൻപറഞ്ഞു.

# സൗജന്യ എവിയേഷൻ കരിയർ സെമിനാർ

**നെടുമ്പാശ്ശേരി:** എവിയേഷൻ രംഗത്ത് മികച്ച കരിയർ ആഗ്രഹിക്കുന്ന ബിരുദധാരികൾക്കായി സിയാസൽ അക്കാദമി സൗജന്യ 'കരിയർ ലോഞ്ച്' സെമിനാർ സംഘടിപ്പിക്കുന്നു. ഡിസംബർ 20ന് രാവിലെ 10.30ന് അക്കാദമി ക്യാമ്പസിലാണ് സെമിനാർ. എവിയേഷൻ രംഗത്ത് 25 വർഷത്തെ പ്രവൃത്തിപരിചയമുള്ള പ്രമുഖ പരിശീലകനും വിദഗ്ധനുമായ ദീപക് ശങ്കർ സെമിനാർ നയിക്കും. എയർലൈനുകളിലും വിമാനത്താവളങ്ങളിലും തൊഴിൽ നേടുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, ഈ മേഖലയിലെ ആഗോള തൊഴിലവസരങ്ങൾ, നൂതന പരിശീലന രീതികൾ എന്നിവയെക്കുറിച്ച് അദ്ദേഹം ക്ലാസുകൾ നയിക്കും. താത്പര്യമുള്ള വിദ്യാർത്ഥികൾ 8848000901 എന്ന നമ്പരിൽ ബന്ധപ്പെടണമെന്ന് അക്കാദമി അധികൃതർ അറിയിച്ചു.

# കെ–ടെറ്റ് സർട്ടിഫിക്കറ്റ് പരിശോധന

**കൊച്ചി:** എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസിന് കീഴിൽ 2025 സെപ്റ്റംബർ മാസത്തെ കെ-ടെറ്റ് പരീക്ഷ എഴുതി വിജയിച്ച ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് പരിശോധന ഡിസംബർ 19, 20 തീയതികളിലായി എറണാകുളം സെന്റ് തെരേസാസ് എച്ച്.എസ്.എസ് ഓഡിറ്റോറിയത്തിൽ രാവിലെ 10.30 മുതൽ വൈകുന്നേരം 3.30 വരെ നടക്കും. ഡിസംബർ 19ന് കാറ്റഗറി I, II വിജയിച്ചവർക്കും, ഡിസംബർ 20 ന് കാറ്റഗറി III, IV വിജയിച്ചവർക്കുമാണ് പരിശോധന. മുൻ വർഷങ്ങളിൽ കെടെറ്റ് വിജയിച്ച, എന്നാൽ വെരിഫിക്കേഷൻ പൂർത്തിയാക്കാത്ത ഉദ്യോഗാർത്ഥികൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. ഉദ്യോഗാർത്ഥികൾ ഒറിജിനൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം ഹാൾടിക്കറ്റ്, കെടെറ്റ് മാർക്ക് ഷീറ്റ്, എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി, ഡി.എൽ.എഡ്/ബി.എഡ് സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

# സീസൺ ഓഫ് ഗിഫ്റ്റിംഗ്; ജോയ്ആലുക്കാസിൽ വർഷാവസാന ഓഫർ ഫെസ്റ്റിവെൽ

**കൊച്ചി:** ആഭരണ രംഗത്ത് അറുപത് വർഷത്തെ പാരമ്പര്യമുള്ള ആഗോള ജ്വല്ലറി ഗ്രൂപ്പായ ജോയ്ആലുക്കാസിൽ വർഷാവസാന ഓഫർ ഫെസ്റ്റിവെൽ 'സീസൺ ഓഫ് ഗിഫ്റ്റിംഗ്' ആരംഭിച്ചു. രാജ്യത്തുടനീളമുള്ള ജോയ്ആലുക്കാസ് ഷോറൂമുകളിൽ ജനുവരി 4 വരെയാണ് ഓഫർ. ഓഫർ പ്രകാരം, പഴയ സ്വർണാഭരണങ്ങൾ മാറ്റിവാങ്ങുമ്പോൾ ഗ്രാമിന് 250 രൂപ അധികമായി ലഭിക്കും. ഡയമണ്ട്, അൺ കട്ട് ഡയമണ്ട് എന്നിവയുടെ മൂല്യത്തിൽ ഫ് ളാറ്റ് 25 ശതമാനം ഡിസ്കൗണ്ടും ലഭിക്കും. വിവാഹ, ഉത്സവ സീസണുകളോടനുബന്ധിച്ച് ഉപഭോകതാക്കൾക്ക് മികച്ച ആഭരണങ്ങൾ കരസ്ഥമാക്കാനുള്ള അവസരമാണ് 'സീസൺ ഓഫ് ഗിഫ്റ്റിംഗ്'. രാജ്യമുടനീളമുള്ള ജോയ്ആലുക്കാസിന്റെ എല്ലാ റീട്ടെയിൽ ശൃംഖലകളിലും ഈ ഓഫർ ലഭ്യമാണ്. രാജ്യമുടനീളമുള്ള ഉപഭോക്താക്കളിൽനിന്നും ലഭിക്കുന്ന അചഞ്ചലമായ വിശ്വാസത്തിനും സ്നേഹത്തിനും കൃതജ്ഞത അറിയിക്കുന്നതിന്റെ ഭാഗമായാണ് 'സീസൺ ഓഫ് ഗിഫ്റ്റിംഗ്' ക്യാംപെയ്ൻ ഒരുക്കുന്നതെന്ന് ജോയ്ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ഡോ. ജോയ് ആലുക്കാസ് പറഞ്ഞു. മനുഷ്യ ബന്ധങ്ങളെയും വികാരങ്ങളെയും ആഘോഷിക്കുന്നതിനുള്ള പ്രതീകമായാണ് ആഭരണങ്ങളെ ആളുകൾ കാണുന്നത്. ജോയ്ആലുക്കാസ് ഷോറൂമുകൾ സന്ദർശിക്കുന്ന ഓരോ ഉപഭോക്താക്കൾക്കും മനസുനിറയെ സന്തോഷം ലഭിക്കാനും മറക്കാനാവാത്ത ഷോപ്പിംഗ് അനുഭവം സാധ്യമാക്കാനുമാണ് ഇത്തരമൊരു എക്സ്ക്ലുസീവ് ഓഫർ നൽകുന്നതെന്നും ഡോ. ജോയ് ആലുക്കാസ് കൂട്ടിച്ചേർത്തു. ആഗോള ഗുണനിലവാര മാനദണ്ഡങ്ങൾക്ക് അനുസൃതമായ രത്നക്കല്ലുകൾ ഉപയോഗിച്ച് നിർമിക്കുന്നവയാണ് ജോയ്ആലുക്കാസിലെ ഡയമണ്ട്, അൺ കട്ട് ഡയമണ്ട് ആഭരണങ്ങൾ. കൂടാതെ ഓരോ ആഭരണങ്ങൾക്കും കൃത്യമായ സർട്ടിഫിക്കേഷനും നൽകിയിട്ടുണ്ട്. ആഭരണങ്ങളെക്കുറിച്ചും മികച്ച ഷോപ്പിംഗ് അനുഭവങ്ങൾക്കും ജോയ് ആലുക്കാസ് ഗ്രൂപ്പിന്റെ വിദഗ്ധ ജീവനക്കാരുടെ വില്പന, വില്പനാനന്തര സേവനങ്ങൾ ലഭ്യമാണ്. ഡിസംബർ 12ന് ആരംഭിച്ച ഓഫർ 2026 ജനുവരി 4ന് അവസാനിക്കുമെന്ന് ജോയ്ആലുക്കാസ് ഗ്രൂപ്പ് അറിയിച്ചു.

# സ്മാർട്ട് ഗ്യാസ് മീറ്ററിങ് സംവിധാനവുമായി വി ബിസിനസ്

**കൊച്ചി:** രാജ്യത്തെ മുൻനിര ടെലികോം സേവന കമ്പനിയായ വിയുടെ സംരംഭകത്വ വിഭാഗമായ വി ബിസിനസ് സിറ്റി ഗ്യാസ് വിതരണക്കാർക്കായുള്ള സ്മാർട്ട് ഗ്യാസ് മീറ്റർ സംവിധാനങ്ങളുമായി തങ്ങളുടെ ആധുനീക മീറ്ററിങ് സംവിധാന മേഖല വിപുലീകരിക്കുന്നു. രാജ്യത്ത് അതിവേഗത്തിൽ വളരുന്ന നഗര ഗ്യാസ് മേഖലയുടെ ആവശ്യങ്ങൾ നിറവേറ്റുന്ന വിധത്തിലാണ് വി ബിസിനസ് തങ്ങളുടെ ഐഒടി, ആധുനീക മീറ്ററിങ് സംവിധാനങ്ങൾ വിപുലീകരിക്കുന്നത്.

നഗരങ്ങളിൽ ഗ്യാസ് വിതരണം ചെയ്യുന്ന കമ്പനികൾക്ക് ലീക്കേജ്, മോഷണം, മാനുവൽ ബില്ലിങിലെ തകരാറുകൾ തുടങ്ങിയവ മൂലം ഉണ്ടാകുന്ന നഷ്ടവും കണക്കുകളിലെ അപര്യാപ്തതകളും ഒഴിവാക്കുന്നതിൽ സ്മാർട്ട് ഗ്യാസ് മീറ്ററിങ് സംവിധാനം ഏറെ സഹായകമാകും. നഗരങ്ങളിലെ ഗ്യാസ് വിതരണക്കാരെ പിന്തുണക്കാനും അവരുടെ ശൃംഖലകൾ ആധുനീകവൽക്കരിക്കാനും തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് വി ചീഫ് എന്റർ പ്രൈസസ് ബിസിനസ് ഓഫിസർ അരവിന്ദ് നെവാറ്റിയ പറഞ്ഞു. അവരുടെ അപര്യാപ്തകൾ കുറക്കാനും മെച്ചപ്പെട്ട സേവനങ്ങൾ പ്രദാനം ചെയ്യാനുള്ള പിന്തുണ നൽകാനും ഐഒടി മേഖലയിലേയും ആധുനീക മീറ്ററിങ് സംവിധാനത്തിലേയും തങ്ങളുടെ വൈദഗ്ദ്ധ്യം സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഐ ബൈ ഇൻഫോപാർക്കിൽ പ്രവർത്തനമാരംഭിച്ച് ഫിൻടെക് സ്റ്റാർട്ടപ്പായ ഐവിബിഎം

**കൊച്ചി:** കേരളത്തിലെ പ്രമുഖ ഫിൻടെക്ക് സ്റ്റാർട്ടപ്പ് കമ്പനിയായ ഐവിബിഎമ്മിന്റെ മൂന്നാമത്തെ ഓഫീസ് ഇൻഫോപാർക്ക് കൊച്ചിയിലെ പ്രീമിയം കോ-വർക്കിംഗ് സ്പേസായ ഐ ബൈ ഇൻഫോപാർക്കിൽ പ്രവർത്തനമാരംഭിച്ചു. പാണക്കാട് സയ്യിദ് മുനവ്വറലി ഷിഹാബ് തങ്ങൾ ഉദ്ഘാടന കർമ്മം നിർവഹിച്ചു. അഞ്ചു വർഷങ്ങൾക്ക് മുമ്പ് രണ്ട് പേരുമായി ആരംഭിച്ച ഈ കമ്പനിയിൽ ഇപ്പോൾ നൂറോളം പേരാണ് ജോലി ചെയ്യുന്നത്. മൊത്തം ജീവനക്കാരുടെ പത്ത് ശതമാനത്തോളം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരാണ്.

ഇന്ത്യയിലെ ആദ്യത്തെ 'ന്യൂറോ ഡൈവേഴ്സിറ്റി' കോവർക്കിങ് സ്പേസ് ആണെന്നതാണ് എറണാകുളം സൗത്ത് മെട്രോ സ്റ്റേഷന് മുകളിലായി ആരംഭിച്ച 'ഐ ബൈ ഇൻഫോപാർക്' തിരഞ്ഞെടുക്കുവാനുള്ള പ്രധാന കാരണങ്ങളിലൊന്നായി ഐ.വി.ബി.എം ഇന്ത്യ ഒപ്പറേഷൻസ് ഹെഡ് കെ.എസ് ഫസലു റഹ്മാൻ ചൂണ്ടിക്കാട്ടുന്നത്. കമ്പനി മാനേജിങ് ഡയറക്ടർ ജാഫർ സാദിക്, ഗൾഫ് രാജ്യങ്ങളിലെ ഗവൺമെന്റ് റിലേഷൻസ് സ്ട്രാറ്റജിസ്റ്റ് ഫഹദ് സറാജ് അൽ ശരീഫ് അൽ ഖുറേഷി, ടെക്നോപാർക്ക് മുൻ ഡയറക്ടർ ബോർഡ് അംഗം രഞ്ജിത്ത് ബാലൻ, നിയമ വിദഗ്ധൻ അഡ്വ. മുഹമ്മദ് ഷാ, ക്യാറ്റ് പ്രൊഡക്ഷൻസ് സി. ഇ. ഒ അമർനാഥ് ശങ്കർ, അഡ്വ. സക്കീർ ഹുസൈൻ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. ഓഫീസ് ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്ന പാനൽ ചർച്ചയിൽ സി എ നഹ്ന നാസർ, അഖില ശശിധരൻ, അൽന സലിൽ, ഷിനിമോൾ, ഷംസിയ മൊയ്ദ്ദീൻ തുടങ്ങിയവർ സംസാരിച്ചു.








ഡോ.ഫൈസൽ കരീം, ഡോ. കെ.പി ഷാനവാസ്

## ഭാരവാഹികളെ തെരഞ്ഞെടുത്തു

**കൊച്ചി:** അസ്ഥിരോഗ വിദഗ്ധരുടെ സംഘടനയായ ഷോർഡർ ആൻഡ് എൽബോ സൊസൈറ്റി കേരള ചാപ്റ്ററിന്റെ പ്രസിഡന്റായി ഡോ.ഫൈസൽ കരീമിനെയും, സെക്രട്ടറിയായി ഡോ. കെ.പി ഷാനവാസിനെയും തിരഞ്ഞെടുത്തു. പെരിന്തൽമണ്ണ മൗലാന ഹോസ്പിറ്റലിലെ ഓർത്തോപീഡിക് വിഭാഗം തലവനും, ജോയിന്റ് റീപ്ലേസ്മെന്റ് കൺസൾട്ടന്റും ആർത്രോസ്കോപിക് സർജനുമാണ് ഡോ. ഫൈസൽ കരീം . പെരിന്തൽമണ്ണ ഇ.എം.എസ് ഹോസ്പിറ്റലിലെ കൺസൾട്ടന്റ് ആർത്രോസ്കോപിക് സർജനാണ് ഡോ.ഷാനവാസ് കെ.പി.




## കേരളം രാജ്യത്ത് ആദ്യമായി ഇ.എസ്.ജി നയം രൂപീകരിച്ച സംസ്ഥാനം: എ.പി.എം മുഹമ്മദ് ഹനീഷ്

**കൊച്ചി:** ഇന്ത്യയിൽ ആദ്യമായി സമഗ്രമായ ഇ.എസ്.ജി നയം രൂപീകരിച്ച സംസ്ഥാനമാണ് കേരളമെന്ന് ഇൻഡസ്ട്രീസ് പ്രിൻസിപ്പൽ സെക്രട്ടറി എ. പി.എം മുഹമ്മദ് ഹനീഷ് പറഞ്ഞു. കോസ്റ്റ് ആന്റ് മാനേജ്മെന്റ് അക്കൗണ്ടന്റ്സിന്റെ സുസ്ഥിര മാർഗ്ഗനിർദ്ദേശ ഭരണ സമിതിയും കൊച്ചി ഘടകവും ചേർന്ന് വാഗമണിൺ പാലറ്റ് ഹോട്ടൽസ് ആന്റ് റിസോർട്ടിൽ ഇ.എസ്. ജി എംപവറിംഗ് എന്റർ പ്രൈസസ് ഫോർ എ സസ്റ്റയ്നബ്ൾ ഫ്യൂച്ചർ എന്ന വിഷയത്തിൽ ദ്വിദിന ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എ.വി.എസ് എൻ. മൂർത്തി, വിജയ കിരൺ അഗസ്ത്യ, പ്രവീൺ കുമാർ, ജോർജ്ജ് പി. മാത്യു, മുൻജി രാമ മോഹൻ റാവു, വെങ്കിടേശ്വര രാമകൃഷ്ണൻ, ടി. പി സച്ചിദാനന്ദൻ, അപർണ വിജയകുമാർ, ടി. ജി ഗോകുൽ എന്നിവർ പ്രസംഗിച്ചു. കൊച്ചി ഘടകം ചെയർപേഴ്സൻ ആർ. രഞ്ജിനി, സെക്രട്ടറി എസ്. അരുൺ കുമാർ നന്ദിയും പറഞ്ഞു. തുടർന്ന് നടന്ന സാങ്കേതിക ക്ലാസുകൾ പരിസ്ഥിതി, സാമൂഹിക ഭരണപരമായ സന്തുലിതാവസ്ഥയിൽ ഊന്നൽ നൽകി വികസനം നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് വ്യാവസായിക നിയന്ത്രണ സ്ഥാപനങ്ങൾ നിർമാണ സേവന മേഖലകൾ എന്നിവയെ പ്രതിനിധീകരിച്ച് വിദഗ്ദരുടെ ക്ലാസുകൾ നടന്നു. പരിപാടിയുടെ ഭാഗമായി വൃക്ഷത്തൈ നടൽ, പ്രകൃതി ഭംഗി ആസ്വദിച്ചു കൊണ്ടുള്ള പ്രഭാത സവാരി തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. വിഷയവുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ പ്രാവീണ്യമുള്ള വ്യക്തികൾ പങ്കെടുത്ത പാനൽ ചർച്ച എന്നിവയും നടന്നു. കേരളം, തമിഴ്നാട്, കർണാടക, ആന്ധ്ര, തെലങ്കാന എന്നിവിടങ്ങളിൽ നിന്നുള്ള നിർമാണ സേവന സർക്കാരിതര സംഘടനകൾ എന്നിവയുടെ പ്രതിനിധികൾ പങ്കെടുത്തു.

# അനധികൃത കൊതുക് തിരികൾക്കെതിരെ സർക്കാർ നടപടി; സ്വാഗതം ചെയ്ത് എച്ച്ഐസിഐ

**കൊച്ചി:** ഇന്ത്യയിലുടനീളം ഓൺലൈനായും പ്രാദേശികമായും വിൽക്കുന്ന അനധികൃത കൊതുക് നിവാരണ അഗർബത്തികൾക്കെതിരെ സർക്കാർ സ്വീകരിക്കുന്ന നടപടികളെ സ്വാഗതം ചെയ്ത് ഹോം ഇൻസെക്റ്റ് കൺട്രോൾ അസോസിയേഷൻ (എച്ച്ഐസിഎ). വീടുകളിൽ ഉപയോഗിക്കുന്ന കീടനാശിനികളുടെ സുരക്ഷിതമായ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് എച്ച്ഐസിഎ.

കേരളത്തിന് പുറമേ ആന്ധ്രാപ്രദേശ്, തെലങ്കാന, കർണാടക, ഗുജറാത്ത്, ഒഡീഷ തുടങ്ങിയ സംസ്ഥാനങ്ങളിലെ വിവിധ നഗരങ്ങളിലാണ് അനധികൃത കൊതുക് നിവാരണ അഗർബത്തികൾ വ്യാപകമായി ലഭ്യമാവുന്നത്. ആന്ധ്രാപ്രദേശിലെ വിജയവാഡയിൽ നടന്ന റെയ്ഡിൽ മെപെർഫ്ലൂത്രിൻ എന്ന അംഗീകാരമില്ലാത്ത രാസവസ്തു കണ്ടെത്തിയതിന് പിന്നാലെ, കൊതുക് നിവാരണ അഗർബത്തികൾ വാങ്ങുമ്പോൾ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് എച്ച്ഐസിഎ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ഇന്ത്യയിലെ അനധികൃത കൊതുക് നിവാരണ അഗർബത്തി വിപണി ഏകദേശം 1600 കോടി രൂപയിലധികം വരും, ദക്ഷിണേന്ത്യയിൽ മാത്രം 370 കോടി രൂപയുടെ അനധികൃത കൊതുക് നിവാരണ അഗർബത്തികൾ നിർമിക്കുന്നുണ്ട്. അനധികൃത അഗർബത്തികൾ ഉപയോഗിക്കുന്നത് നിർത്തണമെന്നും, ഉൽപ്പന്നത്തിന്റെ സുരക്ഷിതത്വവും ആധികാരികതയും ഉറപ്പാക്കുന്നതിന് പായ്ക്കറ്റിൽ സിഐആർ (സെൻട്രൽ ഇൻസെക്ടിസൈഡ് രജിസ്ട്രേഷൻ) നമ്പർ രേഖപ്പെടുത്തിയ സർക്കാർ അംഗീകൃതമായ കൊതുക് നിവാരണ ഉൽപ്പന്നങ്ങൾ മാത്രം തിരഞ്ഞെടുക്കണമെന്നും ഹോം ഇൻസെക്റ്റ് കൺട്രോൾ അസോസിയേഷൻ ഓണററി സെക്രട്ടറി ജയന്ത് ദേശ്പാണ്ഡെ ജനങ്ങളോട് അഭ്യർഥിച്ചു. അനധികൃത അഗർബത്തികളുടെ ഉപയോഗം ആസ്തമ, ബ്രോങ്കൈറ്റിസ്, മറ്റ് ശ്വാസകോശ രോഗങ്ങൾ എന്നിവയ്ക്ക് കാരണമാകുമെന്നും എച്ച്ഐസിഐ മുന്നറിയിപ്പ് നൽകി.

# മോട്ടറോള എഡ്ജ് 70 പുറത്തിറക്കി

**തിരുവനന്തപുരം :** മോട്ടറോള ഏറ്റവും കനം കുറഞ്ഞ സ്മാർട്ട്ഫോണായ മോട്ടറോള എഡ്ജ് 70 ഇന്ത്യയിൽ പുറത്തിറക്കി. അതിശയകരമായ ഫോട്ടോകൾക്കും വീഡിയോകൾക്കുമായി മൂന്ന് 50 മെഗാ പിക്സൽ ക്യാമറകളും, എല്ലാ ക്യാമറകളിലും 4കെ 60എഫ്പിഎസ് റെക്കോർഡിംഗും എഐ സവിശേഷതകളും വാഗ്ദാനം ചെയ്യുന്ന ഇന്ത്യയിലെ ഏക അൾട്രാ തിൻ ഫോണാണ് മോട്ടറോള എഡ്ജ് 70 എന്ന് കമ്പനി അധികൃതർ അവകാശപ്പെട്ടു. മോട്ടോ എഐ 2.0, കോ-പൈലറ്റ്, ഗൂഗിൾ ജെമിനി, പെർപ്ലെക്സിറ്റി എന്നിവയ്ക്കൊപ്പം സമാനതകളില്ലാത്ത മൾട്ടിപ്ലാറ്റ്ഫോം എഐ സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്ന സ്നാപ്ഡ്രാഗൺ 7 ജെൻ 4 ഓട് കൂടിയ ലോകത്തിലെ ആദ്യത്തെ അൾട്രാതിൻ സ്മാർട്ട്ഫോണാണിത്. സ്ലീക്കായ 5.99എംഎം എയർക്രാഫ്റ്റ്ഗ്രേഡ് അലുമിനിയം ഡിസൈനിലുള്ള മോട്ടറോള എഡ്ജ് 70, 40 മണിക്കൂർ വരെ ബാറ്ററി ലൈഫ് നൽകുന്ന 5000എംഎഎച്ച് ബാറ്ററിയോട് കൂടിയുള്ളതാണ്. ഡിസംബർ 23 മുതൽ ഫ്ളിപ്പ്കാർട്ട്, മോട്ടറോള.ഇൻ, പ്രമുഖ റീട്ടെയിൽ സ്റ്റോറുകൾ എന്നിവിടങ്ങളിൽ വെറും 28,999 രൂപ എന്ന പ്രാരംഭ വിലയിൽ വിൽപ്പനയ്ക്കെത്തും.

## ശിൽപ്പശാല സംഘടിപ്പിച്ചു

**കൊച്ചി:** രാജ്യത്തെ പ്രമുഖ മാനേജ്മെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്നായ ഐഐഎം സമ്പൽപൂർ ഉൽപാദനവും സപ്ലൈ ചെയിനും സംബന്ധിച്ച നാലു ദിവസത്തെ അന്താരാഷ്ട്ര ശിൽപശാല സംഘടിപ്പിച്ചു. ആഗോള തലത്തിലെ വിദ്യാഭ്യാസ, വ്യവസായ മേഖലകളിൽ നിന്നുള്ള അഞ്ഞൂറിലേറെ പ്രതിനിധികളാണ് ശിൽപശാലയിൽ പങ്കെടുത്തത്.

ആഗോള രാഷ്ട്രീയ സാഹചര്യങ്ങൾ, കാലാവസ്ഥാ മാറ്റം, മഹാമാരികൾ, സാങ്കേതികവിദ്യാ രംഗത്തെ വിപ്ലവങ്ങൾ തുടങ്ങിയവ ആഗോള സപ്ലൈ ചെയിനിൽ വരുത്തുന്ന അടിസ്ഥാനപരമായ സ്വാധീനങ്ങളെ കുറിച്ച് ശിൽപ്പശാല ചർച്ച ചെയ്തു.

# ന്യൂ ഇയർ ഓഫർ പ്രഖ്യാപിച്ച് ജിയോ

**കൊച്ചി:** പുതുവർഷ വിപണിയിൽ തന്ത്രപരമായ ചുവടുവെപ്പുമായി റിലയൻസ് ജിയോ തങ്ങളുടെ 'ഹാപ്പി ന്യൂ ഇയർ 2026' ഓഫറുകൾ അവതരിപ്പിച്ചു. ഉപഭോക്താക്കളെ ആകർഷിക്കുന്നതിനായി പുറത്തിറക്കിയ പുതിയ പ്ലാനുകളിലെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത, തിരഞ്ഞെടുത്ത പ്ലാനുകൾക്കൊപ്പം ഗൂഗിളിന്റെ അത്യാധുനിക എഐ ടൂളായ ജെമിനി പ്രോയുടെ 18 മാസത്തെ സൗജന്യ സബ്സ്ക്രിപ്ഷൻ ഉൾപ്പെടുത്തിയെന്നതാണ്. ഏകദേശം 35,100 രൂപ വിലമതിക്കുന്ന ഈ സബ്സ്ക്രിപ്ഷൻ നൽകുന്നതിലൂടെ, അതിവേഗ ഡാറ്റാ സേവനങ്ങൾക്കൊപ്പം നിർമ്മിതബുദ്ധി, വിനോദം തുടങ്ങിയ ഡിജിറ്റൽ സേവനങ്ങൾ കൂടി സംയോജിപ്പിച്ച് വിപണിയിൽ തങ്ങളുടെ സ്ഥാനം ഉറപ്പിക്കുകയാണ് ജിയോ. ഹീറോ വാർഷിക റീചാർജ്, സൂപ്പർ സെലിബ്രേഷൻ പ്രതിമാസ പ്ലാൻ, ഫ്ളെക്സി പാക്ക്, എന്നിവയാണ് പാക്കേജുകൾ. കൂടുതൽ ഡാറ്റ ഉപയോഗിക്കുന്ന ദീർഘകാല ഉപഭോക്താക്കളെ ലക്ഷ്യമിട്ടാണ് ജിയോയുടെ ഹീറോ വാർഷിക പ്ലാൻ അവതരിപ്പിച്ചിരിക്കുന്നത്. ഈ പ്ലാനിന്റെ പ്രധാന ആകർഷണം അതിനോടൊപ്പം ലഭിക്കുന്ന ഉയർന്ന മൂല്യമുള്ള ജെമിനി പ്രോ സബ്സ്ക്രിപ്ഷനാണ്. വാർഷിക റീചാർജ് തുക: 3599 രൂപ. വാലിഡിറ്റി: 365 ദിവസം. ഡാറ്റ: പ്രതിദിനം 2.5 ജിബി അൺലിമിറ്റഡ് വോയിസ് കോളുകൾ, പ്രതിദിനം 100 എസ്എംഎസ് പ്രത്യേക ഓഫർ: 18 മാസത്തെ ഗൂഗിൾ ജെമിനി പ്രോ പ്ലാൻ (മൂല്യം: 35,100 രൂപ) എന്നിങ്ങനെയാണ്. ദീർഘകാല പ്രതിബദ്ധതയില്ലാതെ ഡാറ്റയും വിനോദവും ഒരുമിച്ച് ആഗ്രഹിക്കുന്ന ഉപഭോക്താക്കൾക്കുള്ള മികച്ച ഓപ്ഷനായാണ് സൂപ്പർ സെലിബ്രേഷൻ പ്രതിമാസ പ്ലാൻ അവതരിപ്പിച്ചിരിക്കുന്നത്. ഈ പ്ലാനും ഉയർന്ന മൂല്യമുള്ള ജെമിനി പ്രോ ഓഫറുമായി വരുന്നു. നിരക്ക്: 500 രൂപ വാലിഡിറ്റി: 28 ദിവസം.ഡാറ്റ: പ്രതിദിനം 2 ജിബി (അൺലിമിറ്റഡ് 5ജി), പ്രത്യേക ഓഫർ: 18 മാസത്തെ ഗൂഗിൾ ജെമിനി പ്രോ പ്ലാൻ.

ചെറിയ ബജറ്റിലെ ഡാറ്റാ പാക്കും ഇഷ്ടാനുസരണം തിരഞ്ഞെടുക്കാവുന്ന വിനോദ ഓപ്ഷനുകളും ആവശ്യമുള്ള ഉപഭോക്താക്കളെ ലക്ഷ്യമിട്ടാണ് ജിയോ ഫ്ളെക്സി പാക്ക് 103 അവതരിപ്പിക്കുന്നത്. ഈ പ്ലാനിന്റെ അടിസ്ഥാന സവിശേഷതകൾ ഇവയാണ്: നിരക്ക്: 103 രൂപ. വാലിഡിറ്റി: 28 ദിവസം, ഡാറ്റ: 5 ജിബി.

ഇതോടൊപ്പം, ഉപഭോക്താവിന് മൂന്ന് എന്റർടെയ്ൻമെന്റ് പാക്കുകളിൽ നിന്ന് ഇഷ്ടമുള്ള ഒരെണ്ണം തിരഞ്ഞെടുക്കാനുള്ള സൗകര്യവുമുണ്ടെന്നും ജിയോ അധികൃതർ വ്യക്തമാക്കി.

# ഇന്ത്യൻ സമ്പദ്വ്യവസ്ഥ പുതിയ വളർച്ചാ ഘട്ടത്തിലേക്ക്: പഠന റിപ്പോർട്ട് പുറത്തിറക്കി

**കൊച്ചി :** പ്രമുഖ ബ്രോക്കിങ് സ്ഥാപനമായ മോത്തിലാൽ ഓസ്വാൾ ഫിനാൻഷ്യൽ സർവീസസ് 30ാം വാർഷിക സാമ്പത്തിക വളർച്ച പഠന റിപ്പോർട്ട് പുറത്തിറക്കി. കമ്പനിയുടെ ചെയർമാൻ രാംദിയോ അഗർവാളിന്റെ നേതൃത്വത്തിൽ നടത്തിയ പഠനം ഇന്ത്യയുടെ സമ്പദ്വ്യവസ്ഥ ശക്തമായ വളർച്ച കാലഘട്ടത്തിലേക്ക് പ്രവേശിക്കാനൊരുങ്ങുകയാണെന്ന് വ്യക്തമാക്കുന്നു. ഈ കാലഘട്ടത്തിൽ നിക്ഷേപകർക്കും വ്യാപാരസ്ഥാപനങ്ങൾക്കും വളരാനുള്ള അനുകൂല സാഹചര്യം രൂപപ്പെടുമെന്നും പഠനം ചൂണ്ടിക്കാണിക്കുന്നു. വിപണിയുടെ കഴിഞ്ഞ മുപ്പത് വർഷത്തെ പ്രകടനത്തെ ആധാരമാക്കിയാണ് ഇത്തരമൊരു അനുമാനത്തിലേക്ക് എത്തുന്നത്. 2020-2025 കാലയളവിലാണ് കഴിഞ്ഞ 30 വർഷത്തിനുള്ളിൽ ഏറ്റവും കൂടുതൽ സമ്പത്ത് സൃഷ്ടിക്കപ്പെട്ടത്. ഈ കാലയളവിൽ ഇന്ത്യയിലെ പ്രമുഖ 100 കമ്പനികൾ ചേർന്ന് 14.8 ലക്ഷം കോടി രൂപ നേടി. കോവിഡിന് ശേഷമുള്ള സാമ്പത്തിക ഞെരുക്കത്തിൽ നിന്ന് കമ്പനികൾ ശക്തമായ തിരിച്ചുവരവ് നടത്തി. ശക്തമായ ബിസിനസ് പ്രകടനവും റേറ്റിംഗ് മെച്ചപ്പെടലും ബാങ്കിങ്, ടെലികോം സ്ഥാപനങ്ങളുടെ മൂല്യം ഉയർത്തി. ഇന്ത്യയുടെ ജിഡിപി 17 വർഷത്തിനകം 4 ലക്ഷം കോടി ഡോളറിൽ നിന്നും 16 ലക്ഷം കോടി ഡോളറിലേക്കെത്താൻ സാധ്യതയുണ്ടെന്നും റിപ്പോർട്ട് പറയുന്നു. ഈ വളർച്ചയുടെ കാലഘട്ടം നിക്ഷേപകർക്ക് വമ്പൻ അവസരങ്ങൾ സൃഷ്ടിക്കുമെന്ന് രാംദിയോ അഗർവാൾ അഭിപ്രായപ്പെട്ടു. സ്ഥിരതയോടെ വളർച്ച കൈവരിക്കാൻ ശേഷിയുള്ള സ്ഥാപനങ്ങളിൽ നിക്ഷേപകർ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com